**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 500** **24-08-2022 - ൽ മറുപടിയ്ക്ക്**

**പായ്ക്ക് ചെയ്ത ഉല്പന്നങ്ങൾക്കുള്ള ജി.എസ്.ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പായ്ക്ക് ചെയ്ത ഉല്പന്നങ്ങൾക്ക് ജി.എസ്.ടി. ബാധകമാക്കിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ ചെറുകിട ഉല്പാദകർ, വ്യാപാരികൾ, പൊതുജനങ്ങൾ എന്നിവരെ എപ്രകാരം ബാധിക്കുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്ത് നികുതി പിരിക്കേണ്ടതായ സാഹചര്യം നിലവിലില്ല. സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം അൻപത്തിനായിരത്തിൽ അധികം വ്യാപാര സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവ ആണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതുപോലെ അരിയും മറ്റു ഭക്ഷ്യധാന്യങ്ങളും ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ പായ്ക്ക് ചെയ്ത് വിൽക്കുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല.<br><br>സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്ത വ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിന് മുകളിലും ഉള്ള പായ്ക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പായ്ക്കറ്റുകളിൽ നിന്ന് ലൂസ് ആയി സാധാരണക്കാർക്ക് സാധനങ്ങൾ തൂക്കി കൊടുക്കുമ്പോളും ജി.എസ്.ടി. ബാധകമാവുകയില്ല. നിലവിൽ പായ്ക്ക് ചെയ്ത് ലേബൽ ചെയ്ത സാധനങ്ങൾക്ക് ചുമത്തുന്ന അഞ്ച് ശതമാനം നികുതി സാധാരണക്കാരെ പ്രതികൂലമായി |

| | | | |
|---|---|---|---|
| | | | ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | വ്യാപാര മേഖല കോർപ്പറേറ്റ് കുത്തകകൾക്ക് പൂർണമായി നൽകാനുള്ള ശ്രമമാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സാധാരണക്കാർക്ക് ലൂസ് ആയി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയർ വർഗ്ഗങ്ങൾക്കും നികുതി ചുമത്തുവാൻ 47-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടില്ല. ആയത് മുൻകാലത്തെ പോലെ തന്നെ നികുതിരഹിതമായി തുടരുകയാണ്. എന്നാൽ രജിസ്റ്റേർഡ് ബ്രാൻഡ് നാമത്തിൽ വിൽക്കുന്ന അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾക്ക് അഞ്ച് ശതമാനം നികുതിയാണ് നിലവിൽ ഉണ്ടായിരുന്നത്. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനകൾക്കുള്ള നികുതി അടയ്ക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ "2019 ലെ ലീഗൽ മെട്രോളജി നിയമത്തിലെ വകുപ്പ് 2 ക്ലോസ് (എൽ) പ്രകാരം മുൻകൂറായി പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ലേബൽ ചെയ്തിട്ടുള്ളതുമായ നിർദിഷ്ട സാധനങ്ങൾ" എന്നാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. |
| (സി) | നിത്യോപയോഗ വസ്തുക്കൾക്ക് വില വർദ്ധിക്കാനിടയാകുന്ന സാഹചര്യം ഒഴിവാക്കണമെന്നും വിശദമായ പഠനത്തിനുശേഷം മാത്രമേ ഏത് നടപടിയും സ്വീകരിക്കാവൂ എന്നും സംസ്ഥാനം ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിൽ വ്യക്തമാക്കിയിരുന്നുവോ; വിശദമാക്കാമോ; | (സി) | സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു തീരുമാനവും കൈക്കൊള്ളരുത് എന്ന് കേരളം ശക്തമായി ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് യോഗത്തിലും തുടർന്നുള്ള കൗൺസിലിലും നിലപാടെടുത്തിട്ടുണ്ട്. വിശദമായ പഠനത്തിന് ശേഷം മാത്രമേ ജി.എസ്.ടി. നികുതിയുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാവൂ എന്നും ജി.എസ്.ടി. കൗൺസിലിനെ അറിയിച്ചിട്ടുണ്ടായിരുന്നു. |
| (ഡി) | ചെറുകിട കച്ചവടക്കാരും കുടുംബശ്രീ അടക്കമുള്ള ചെറുകിട ഉല്പാദകരും പായ്ക്ക് ചെയ്ത് വിൽക്കുന്ന അരിക്കും പയറുല്പന്നങ്ങൾക്കുമടക്കം ജി.എസ്.ടി. വർദ്ധിപ്പിച്ച കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്ത് നടപ്പാക്കില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുത്ത് നികുതി പിരിക്കേണ്ടതായ സാഹചര്യം നിലവിലില്ല. സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതുപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പായ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. |

| | | | |
|---|---|---|---|
| | | | സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്ത വ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിനു മുകളിലും ഉള്ള പായ്ക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പായ്ക്കറ്റുകളിൽ നിന്ന് ലൂസ് ആയി സാധാരണക്കാർക്ക് ഇത്തരം സാധനങ്ങൾ തൂക്കി കൊടുക്കുമ്പോളും ജി.എസ്.ടി. ബാധകമാവുകയില്ല. നിലവിൽ പായ്ക്ക് ചെയ്ത് ലേബൽ ചെയ്ത സാധനങ്ങൾക്ക് ചുമത്തുന്ന അഞ്ച് ശതമാനം നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ